File No.FWLD-D2/134/2019-FWLD

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 902 10/06/2019 ൽ മറുപടി നൽകേണ്ടിയിരുന്നത്

വന്യജീവി ആക്രമണം

| ചോദ്യം<br>ശ്രീ.കെ.ജെ.മാക്സി | | മറുപടി<br>അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ വന്യജീവികളുടെ ആക്രമണത്തിന് ഇരയായി മരണപ്പെട്ടവരുടെ എണ്ണമെത്രയാണെന്ന് വെളിപ്പെടുത്താമോ; | (എ) | ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ 373 പേർ മരണപ്പെട്ടിട്ടുണ്ട്. (വന്യജീവി സംഘർഷം മൂലം മരണപ്പെട്ടവർ - 83, പാമ്പുകടിയേറ്റ് മരണപ്പെട്ടവർ - 290). |
| (ബി) | പ്രസ്തുത കുടുംബങ്ങൾക്ക് എത്ര തുക നഷ്ടപരിഹാരമായി അനുവദിച്ചുവെന്ന് അറിയിക്കാമോ; | (ബി) | പ്രസ്തുത കുടുംബങ്ങൾക്ക് 632.61 ലക്ഷം രൂപ നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ട്. |
| (സി) | വന്യജീവി ആക്രമണങ്ങളിൽ എത്ര ഹെക്ടർ കൃഷിസ്ഥലത്ത് കൃഷിനാശം സംഭവിച്ചുവെന്നും കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരമായി എത്ര തുക അനുവദിച്ചുവെന്നും വെളിപ്പെടുത്തുമോ; | (സി) | മനുഷ്യ-വന്യജീവി സംഘർഷത്തിൽ 8672.251 ഹെക്ടർ കൃഷിസ്ഥലത്ത് കൃഷിനാശം സംഭവിച്ചിട്ടുണ്ട്. കൃഷിനാശം സംഭവിച്ചവർക്ക് 1282.67 ലക്ഷം രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. |
| (ഡി) | വന്യജീവി ആക്രമണത്താൽ എത്ര വീടുകൾ പൂർണ്ണമായും എത്ര വീടുകൾ ഭാഗികമായും നഷ്ടപ്പെട്ടുവെന്നും ഓരോ വിഭാഗത്തിനും എത്ര തുക നഷ്ടപരിഹാരമായി അനുവദിച്ചുവെന്നുമുള്ള വിശദാംശം നൽകുമോ? | (ഡി) | മനുഷ്യ-വന്യജീവി സംഘർഷത്തിൽ 59 വീടുകൾ പൂർണ്ണമായും, 681 വീടുകൾ ഭാഗികമായും നഷ്ടപ്പെട്ടിട്ടുണ്ട്. വീടുകൾ പൂർണ്ണമായും നഷ്ടപ്പെട്ടവർക്ക് 64.71 ലക്ഷം രൂപയും, വീടുകൾ ഭാഗികമായും നഷ്ടപ്പെട്ടവർക്ക് 14.38 ലക്ഷം രൂപയും നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ